"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ട്രഷറി അക്കൗണ്ടുകളുടെ സുരക്ഷ വർദ്ധിപ്പിക്കൽ - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(അച്ചടി)നം.127/2020/ധന.** **തീയതി, തിരുവനന്തപുരം, 28/09/2020**

---

പരാമർശം :- 1. 24.11.2017 ലെ നം. 83/2017/ധന സർക്കുലർ

2. ട്രഷറി ഡയറക്ടറുടെ 13.08.2020 ലെ TRY/2399/2020-F2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സൂചന 1 പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെയും എസ് ടി എസ് ബി അക്കൗണ്ടുകളിൽ നിന്നും തുക പിൻവലിക്കുന്നതിന് ചെക്കുകൾ ട്രഷറിയിൽ നേരിട്ട് സമർപ്പിക്കുന്നതിനോടൊപ്പം നടപടിക്രമവും ബെനിഫിഷ്യറി ലിസ്റ്റും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ട്രഷറി സിസ്റ്റത്തിൽ ലഭ്യമാക്കേണ്ടതാണ് എന്ന് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ പ്രസ്തുത നടപടിക്രമത്തിൽ തുക നൽകുന്നതിന്റെ ഉദ്ദേശം, ഗുണഭോക്താവിന്റെ പേര് വിവരങ്ങൾ, ചെക്ക് നമ്പർ, തീയതി, അക്കൗണ്ട് നമ്പർ മുതലായവ വ്യക്തമായി പ്രതിപാദിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഈ സംവിധാനം WAMS ൽ ലഭ്യമായ ലോഗിൻ മുഖേന സാധ്യവുമാണ്. പക്ഷെ, ഇതു മുഖേന തയ്യാറാക്കുന്ന നടപടിക്രമം, ബെനിഫിഷ്യറി ലിസ്റ്റ് എന്നിവ ഓൺലൈനായി സമർപ്പിച്ചാൽ മാത്രമേ ചെക്കുകൾ മാറി നൽകുവാൻ പാടുള്ളൂവെന്നുള്ള നിബന്ധന നിലവിൽ പി ടി എസ് ബി അക്കൗണ്ടുകൾക്ക് മാത്രമാണ് നിർബന്ധമാക്കി തുടർന്നു വരുന്നത്. സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിൽ നിലനിൽക്കുന്ന സുരക്ഷാ ദൗർബല്യം കണക്കിലെടുത്ത് സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ/ സ്ഥാപനങ്ങളുടെ എല്ലാ തരത്തിലുമുള്ള ട്രഷറി അക്കൗണ്ടുകളിലും പരാമർശം 1 പ്രകാരമുള്ള നിബന്ധനകൾ ബാധകമാക്കണമെന്ന് പരാമർശം 2 പ്രകാരം ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ ട്രഷറി അക്കൗണ്ടുകളിലെയും ഇടപാടുകളിൽ സുരക്ഷ ഉറപ്പു വരുത്താനും അക്കൗണ്ട് ഹോൾഡറുടെ നടപടിക്രമമില്ലാതെ തുക പിൻവലിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുമായി, സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ട്രഷറി പബ്ലിക് അക്കൗണ്ട്, ലോക്കൽ ഗവൺമെന്റ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ട് എന്നീ അക്കൗണ്ടുകളിലെ എല്ലാ പിൻവലിക്കലുകൾക്കും പരാമർശം-1 പ്രകാരമുള്ള നിബന്ധനകൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.ഈ ഉത്തരവിന് 01/10/2020 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. മേലിൽ WAMS/BIMS ലൂടെ തയ്യാറാക്കുന്ന നടപടിക്രമവും (തുക നൽകുന്നതിന്റെ ഉദ്ദേശം, ഗുണഭോക്താവിന്റെ പേര് വിവരങ്ങൾ, ചെക്ക് നമ്പർ, തീയതി, അക്കൗണ്ട് നമ്പർ മുതലായവ വ്യക്തമായി

പ്രതിപാദിച്ചിരിക്കണം), ബെനിഫിഷ്യറി ലിസ്റ്റും ഓൺലൈനായി ട്രഷറിയിലേക്ക് അയക്കാതെ സമർപ്പിക്കുന്ന ചെക്കുകൾ ഒരു കാരണവശാലും ട്രഷറി ഓഫീസർമാർ മാറി നൽകുവാൻ പാടില്ലായെന്നും മേൽപ്പറഞ്ഞ എല്ലാ അക്കൗണ്ട് ഉടമകൾക്കും ലോഗിൻ ക്രെഡൻഷ്യലുകൾ (നിലവിൽ ലോഗിൻ ഇല്ലാത്തവർക്ക്) നൽകാനുള്ള സത്വര നടപടികൾ ട്രഷറി ഡയറക്ടർ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത.ബി.എസ്**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവന്മാർക്കും ( ഇ ഓഫീസ് മുഖേന)
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും (ഇ ഓഫീസ് മുഖേന)
എല്ലാ ജില്ലാ ട്രഷറി/ സബ് ട്രഷറി ഓഫീസർമാർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E. 637182, SL-3/113/2017-FIN).

ഉത്തരവിൻ പ്രകാരം

Manju C

സെക്ഷൻ ഓഫീസർ